**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** **27-02-2023 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിൽ സഹകരണ മേഖലയുടെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ കെ ആൻസലൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് കരുത്ത് പകരുന്നതിന് വിവിധ തരത്തിൽ ഇടപെടൽ നടത്തുന്ന സഹകരണ മേഖല ഇടനിലക്കാരെ ഒഴിവാക്കി കാർഷികോല്പന്നങ്ങൾ ശേഖരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി കയറ്റുമതി ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | സഹകരണ മേഖല ഇടനിലക്കാരെ ഒഴിവാക്കി കാർഷികോത്പന്നങ്ങൾ ശേഖരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി കയറ്റുമതി ചെയ്യുന്നത് ഉൾപ്പെടെയുള്ള ലക്ഷ്യ സാക്ഷാൽക്കാരത്തിനായി “ബ്രാൻഡിംഗ് ആൻസ് മാർക്കറ്റിംഗ് ഓഫാ കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഇപ്പോൾ ഉല്പാദിപ്പിച്ചു കൊണ്ടിരിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പെടുക്കുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉല്പന്നങ്ങൾ ന്യായ വിലയിൽ ലഭ്യമാക്കുക, ദേശീയ, അന്തർദേശീയ വിപണിയിലേക്ക് ചുവടുവയ്ക്കുക, പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | ഉല്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പാക്കി ഏകീകൃത ബ്രാൻഡിംഗിലൂടെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ വിപണി ഉറപ്പാക്കാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പദ്ധതിയുടെ ഭാഗമായി ഇ-സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ ആന്റ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടി വളരെ പുരോഗതിയിലാണ്. ആദ്യഘട്ടത്തിൽ സഹകരണ ഉൽപ്പന്ന ഔട്ട്-ലെറ്റുകളായ കോ-ഓപ്പ്മാർട്ടുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസിലാക്കി മൊബൈൽ വഴിയോ വെബ് സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നല്കി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയും വിധമുള്ള സോഫ്റ്റ് വെയർ ആണ് നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ഉപഭോക്താക്കൾക്കും ഓർഡർ നല്കി സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ് വെയർ പ്രാബല്യത്തിൽ വരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി രാജ്യത്തിന്റെ ഇതര |

| | | | |
|---|---|---|---|
| | | | ഭാഗങ്ങളിൽ വിപണി കണ്ടെത്തുന്നതിനും ലക്ഷ്യമിടുന്നു. |
| (സി) | കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും വിപുലീകരിക്കുന്നതിനും വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) | 1. കർഷകരിൽ നിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച്, കാർഷിക ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ അരിമിൽ സ്ഥാപിക്കുന്നതിനും, എല്ലാതരം കാർഷിക ഉല്പന്നങ്ങളും വാങ്ങി സംഭരിച്ചും സംസ്കരിച്ചും അല്ലാതെയും വിപണനം നടത്തുന്നതിനും ഭക്ഷ്യയോഗ്യമായ കാർഷിക ഉല്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം ടിൻ ഫുഡുകളായുള്ള ഭക്ഷണ പാക്കറ്റുകളായും അല്ലാതെയും വിപണനം നടത്തുക, ഭക്ഷ്യയോഗ്യമല്ലാത്ത കാർഷിക ഉല്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം വ്യവസായ ഉല്പന്നങ്ങൾ നിർമ്മിച്ചും അല്ലാതെയും വിപണനം നടത്തുക, തുടങ്ങിയ ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി ക്കൊണ്ട് പാലക്കാട് ജില്ല പ്രവർത്തന പരിധിയായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (PAPCOS) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>2. മേൽ പ്രകാരമുള്ള അതേ ഉദ്ദേശ ലക്ഷ്യങ്ങളോടെ പാലക്കാട് ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) രജിസ്റ്റർ ചെയ്ത് പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>3. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് എക്സ്പോ സംഘടിപ്പിക്കുകയും അന്തർദേശീയ ട്രേഡ് ഫെയറിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ട് |

സെക്ഷൻ ഓഫീസർ